# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന തുക - സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ (സാധാ)നം. 2910/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി.21.12.2019**

പരാമർശം:- 1) പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.01.2016 ലെ എച്ച്.സി.-4299/15 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 29.06.2016 ലെ എം3-15628/16 നമ്പർ കത്ത്.

3) സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 14.11.2016 ലെ എൽ.എഫ്.7862/പി.റ്റി.2/2016 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിലെ 2005-06 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം 68,460/- (അറുപത്തി എട്ടായിരത്തി നാനൂറ്റി അറുപത് രൂപ മാത്രം) രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. വികലാംഗരായ ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിനുള്ള ആസ്തിയായി ബാങ്ക് ധനസഹായം വിതരണം നടത്തിയത് സബ് സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആയിരുന്നതിനാലാണ് ഖണ്ഡിക 3.1 പ്രകാരം ഓഡിറ്റ് വകുപ്പ് 68,460/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നത്. എന്നാൽ ടി തടസ്സപ്പെടുത്തലിനെ തുടർന്ന് പരാമർശം (1) പ്രകാരം എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി ബാദ്ധ്യത ഒഴിവാക്കി സാധൂകരണം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഉചിത മാർഗ്ഗേനയുള്ള അപേക്ഷ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുകയുണ്ടായി. ആയത് പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശ രേഖപ്പെടുത്തി സർക്കാരിൽ പരാമർശം (2) പ്രകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സാധൂകരണം സംബന്ധിച്ച ടി അപേക്ഷ സർക്കാർ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും ആയതിനുള്ള മറുപടി പരാമർശം (3) മുഖേന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**2.** ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടിയിൽ, സബ് സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ ധനസഹായം ഇനത്തിൽ തുക നൽകിയത് പൊതുഫണ്ടിന് നഷ്ടവും അവശ്യ വികസന പദ്ധതികൾക്കുള്ള വിഭവ ലഭ്യതയിൽ കുറവു വരുത്തുകയും ചെയ്യുമെങ്കിലും പദ്ധതി ലക്ഷ്യം

കൈവരിച്ചിട്ടുണ്ടെന്നും ഗുണഭോക്താക്കൾ പഞ്ചായത്തിലെ വികലാംഗരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും, സാമൂഹികമായും സാമ്പത്തികമായും വളരെയധികം പിന്നാക്കം നിൽക്കുന്നവരാണെന്നും തങ്ങളുടെ ഉപജീവന മാർഗ്ഗവുമായി ബന്ധപ്പെട്ട് അവ നിലവിൽ ഉപയോഗിക്കുന്നുണ്ടെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ 30.12.2015 ലെ 18(5)-ാം നമ്പർ തീരുമാനം പരിഗണിച്ചും സർക്കാരിന് സാധൂകരണ വിഷയത്തിൽ യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും, ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

**3.** സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സാധൂകരണം അനുവദിക്കണമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 30/12/2015 ലെ 18(5)-ാം നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 19.03.2016 ലെ സാധൂകരണത്തിനനുകൂലമായ 28-ാം നമ്പർ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ, ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായം എന്നിവ പരിഗണിച്ച് പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 68,460/- (അറുപത്തി എട്ടായിരത്തി നാനൂറ്റി അറുപത് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**